നൽകിയിമിക്കുന്നത്. 3-5-2005-ൽ 44 സംഭരണ ഏജൻസികൾ സ്റ്റോക്കുള്ളതായി അറിയിച്ച 459673 കിന്റൽ നെല്ല് സംഭരിക്കുവാനുള്ള നടപടികളാണ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ളത്.

(എഫ്) 3-5-2005-നോ അതിനു മുൻപോ കോർപ്പറേഷനിൽ, സ്റ്റോക്കുള്ളതായി അറിയിച്ച 44 സംഭരണ ഏജൻസികളിൽ നിന്നും മുഴുവൻ നെല്ലും ഏറ്റെടുക്കും. ഇതുവരെ കൃഷി വകുപ്പ് മേൽനോട്ടം വഹിച്ചിരുന്ന നെല്ലു സംഭരണം സിവിൽ സപ്ലൈസ് കോർപ്പറേഷൻ അടുത്തകാലത്ത് ഒരു പദ്ധതി തയ്യാറാക്കി ഏറ്റെടുത്തുവരികയാണ്. അപ്രകാരം 459673 കിന്റൽ നെല്ലു സംഭരിക്കുവാനുള്ള ശേഷിയേ കോർപ്പറേഷന് ഈ സീസണിൽ ഉള്ളൂ.

(ജി) തൽക്കാലം പരിഗണനയിലില്ല.

**വെറ്ററിനറി സർവ്വകലാശാല ആരംഭിക്കാൻ പദ്ധതി**

*18 [65] *ശ്രീ. കെ. നാരായണക്കുറുപ്പ്:*

„ *തോമസ് ചാഴികാടൻ:*

„ *മാഷി അഗസ്റ്റിൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വെറ്ററിനറി സർവ്വകലാശാല ആരംഭിക്കാൻ പദ്ധതിയുണ്ടോ എന്നും ആയതിനുവേണ്ടി എന്തൊക്കെ കാര്യങ്ങൾ ചെയ്തിട്ടുണ്ട് എന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഇൻഡ്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചർ റിസർച്ചിന്റെ അഫിലിയേഷൻ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സർവ്വകലാശാല എവിടെയാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ):*

(എ) കേരളത്തിൽ ഒരു പ്രത്യേക സർവ്വകലാശാല രൂപീകരിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. 20-6-2005-ന് ദേശീയ ക്ഷീര വികസന ബോർഡുമായും 21-6-2005-ന് കേന്ദ്ര കൃഷി വകുപ്പുമായും മുഖ്യമന്ത്രി ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. ഇതിന്റെ ആവശ്യകത പരിശോധിക്കുവാൻ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കണമെന്ന് ചർച്ചകളിൽ ധാരണയായിട്ടുണ്ട്.

(ബി) ഈ പ്രാഥമിക ഘട്ടത്തിൽ അഫിലിയേഷന്റെ പ്രശ്നം ഉദിക്കുന്നില്ല.

(സി) വിദഗ്ദ്ധ സമിതിയുടെ ശുപാർശകൾ ലഭിച്ചതിനുശേഷമേ ഇക്കാര്യത്തിൽ നയപരമായ തീരുമാനം എടുക്കാനാകുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly